# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4197 — 19.10.2011 ൽ മറുപടിയ്ക്ക്

## കാർഷിക - വിദ്യാഭ്യാസ വായ്പ ഉദാരമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക-വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ സഹകരണ ബാങ്കുകൾ വിമുഖത കാണിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പലിശ നിരക്കിൽ കേന്ദ്രം അനുവദിക്കുന്ന സബ്സിഡി സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന കാര്യം ഉറപ്പ് വരുത്തുമോ; | (ബി) സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി ലഭിക്കാത്തതു സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്നു. ആയത് പരിശോധിക്കുകയും, വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ സഹകരണ മേഖലയിലെ കാർഷിക വായ്പകൾക്കും ലഭ്യമാകുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തുമോ; | (സി) കേന്ദ്ര സർക്കാർ നയമനുസരിച്ച് നബാർഡ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് സംസ്ഥാനത്ത് കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ സഹകരണ മേഖലയിലെ കാർഷിക വായ്പകൾക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹകരണ മേഖല വിമുഖത യും കാണിക്കുന്നതാണ് സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്ന അനധികൃത യും പണം ഇടപാടു സ്ഥാപനങ്ങൾ വർദ്ധിച്ചുവരുവാൻ കാരണമെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) (ഇ) വായ്പാ വിതരണത്തിൽ ചില സഹകരണ സ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖതയാണ് വായ്പ കുറയാൻ കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) എങ്കിൽ അതു പരിശോധിക്കുമോ; അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുമോ? | |

സെക്ഷൻ ഓഫീസർ